بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 23.08.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ജൽസ സാലാനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ചില ദുആകൾക്കുള്ള പ്രത്യേക ആഹ്വാനവും

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ الرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ۝

അൽഹംദുലില്ലാഹ് ഇന്ന് ജൽസ സാലാനാ ജർമ്മനി ആരംഭിക്കുകയാണ്. ഈ സമയത്ത് ജർമ്മനി ജമാഅത്ത് എന്നെ അവിടെ കാണാൻ ആഗ്രഹിച്ചതായിരുന്നു. പക്ഷേ ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ശാരീരികവും ആരോഗ്യപരവുമായ കാര്യങ്ങളും ഉള്ളതുകൊണ്ട്, ഡോക്ടർമാരുടെ അഭിപ്രായമനുസരിച്ച് അവസാന സമയത്ത് ജർമൻ യാത്ര മാറ്റിവയ്ക്കുകയാണുണ്ടായത്. ഇവിടെ നിന്നു തന്നെ എം.ടി.എ. മുഖേന ജർമ്മനിയിലെ പ്രോഗ്രാമുകളിൽ ഭാഗഭാക്കാകാമെന്നും ജർമ്മനി ജൽസയിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്യാമെന്നുമാണ് തീരുമാനിച്ചത്. അതും അല്ലാഹുവിന്റെ തൗഫീഖ് കൊണ്ടു മാത്രമേ സാധ്യമാവുകയുള്ളൂ. അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇക്കാലഘട്ടത്തിലെ കണ്ടുപിടിത്തങ്ങളിൽ ഇത്തരത്തിലുള്ള ബന്ധത്തിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കി എന്നതും അല്ലാഹുവിന്റെ ഒരു വലിയ ഔദാര്യമാകുന്നു. ഒരുപാട് ആളുകൾ കൂടിക്കാഴ്ചയ്ക്ക് ആഗ്രഹിക്കുന്നവരായിട്ടുണ്ട്. അതിനുള്ള സംവിധാനം അല്ലാഹു മറ്റൊരു സമയത്ത് ഉണ്ടാക്കുമായിരിക്കും.

ഞാൻ ഡ്യൂട്ടി ചെയ്യുന്ന എല്ലാ പ്രവർത്തകരോടും പറയട്ടെ, നിങ്ങളുടെ പ്രഥമ ഉത്തരവാദിത്വം അതിഥികളുടെ ആതിഥേയത്വത്തിന്വേണ്ടി പരമാവധി സേവകഭാവത്തോടുകൂടി പ്രവർത്തിക്കുക എന്നതാണ്. എല്ലാ സമയത്തും നല്ല സ്വഭാവം പ്രകടിപ്പിക്കുക. എല്ലാ വിഭാഗത്തിലുള്ള പ്രവർത്തകരും പുഞ്ചിരിയുമായി അതിഥികളോട് പെരുമാറുക. ദുആകൾ ചെയ്തുകൊണ്ട് പ്രവർത്തിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിളിച്ചുവരുത്തിയ അതിഥികളെയാണ് സേവിക്കുന്നത് എന്നും എന്ത് തരത്തിലുള്ള അവസ്ഥകൾ വരുകയാണെങ്കിലും നമ്മുടെ ധാർമികതയെ ഉയർത്തിപ്പിടിക്കുമെന്നും സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുമെന്നുമുള്ള വികാരവായ്പോടുകൂടി പ്രവർത്തിക്കുക. അതിഥികളും ജൽസയുടെ ലക്ഷ്യം മുന്നിൽ വയ്ക്കേണ്ടതാണ്. ഞാൻ പറഞ്ഞുവന്നത്പോലെ എല്ലാ പ്രയാസങ്ങളെയും സഹിച്ചുകൊണ്ട് ഈ മൂന്നു ദിവസങ്ങളിൽ അതിന്റെ ലക്ഷ്യം ആർജിക്കാൻ ശ്രമിക്കേണ്ടതാണ്.

എപ്പോഴും ഓർക്കുക, അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നൽകിയ അനുഗ്രഹങ്ങളിൽ ഒരു വലിയ അനുഗ്രഹമെന്തെന്നാൽ വർഷത്തിൽ ഒരുതവണ നമ്മൾ ഒരുമിച്ചുകൂടി നമ്മുടെ ആത്മീയവും ധാർമികവുമായ പുരോഗതിക്കുള്ള കാര്യങ്ങൾ സ്വായത്തമാക്കുന്നു എന്നതാണ്. അല്ലാഹുവിന്റെ സമീപത്തേക്ക് എത്തിക്കുന്നതും നമ്മുടെ ഭയഭക്തിയെ വർധിപ്പിക്കുന്നതുമായ പ്രോഗ്രാമുകൾ ഉണ്ടാക്കിതന്നിരിക്കുന്നു. നമ്മൾ ഉന്നത സ്വഭാവവും പരസ്പരം അവകാശങ്ങൾ കൊടുത്തു വീട്ടുകയും ചെയ്യുന്ന ഉന്നത നിലവാരം സ്ഥാപിക്കണമെന്ന ഉദ്ദേശത്തോടെയും ലക്ഷ്യത്തോടെയും ഈ ദിവസങ്ങൾ കഴിച്ചുകൂട്ടുക, പരസ്പരമുള്ള സ്നേഹവും ബന്ധവും വർധിപ്പിക്കുക, വെറുപ്പും വിദ്വേഷവും അകറ്റുക, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുക, എല്ലാ തരത്തിലുള്ള അനാവശ്യ കാര്യങ്ങളിൽനിന്നും തങ്ങളെ സംരക്ഷിക്കേണ്ടതുമാണ്. ഈ കാര്യങ്ങളാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഈ കാര്യങ്ങൾ തന്നെയാണ് അല്ലാഹു ഇഷ്ടപെടുന്നതും. അതിനുവേണ്ടിയാണ് അല്ലാഹു നമ്മെ മനുഷ്യനാക്കിയത്; നമ്മെ ഏറ്റവും ഉന്നതസൃഷ്ടിയാക്കിയത്. ജൽസക്കു വരുന്ന ഓരോ അഹ്മദിയും എപ്പോഴും ഈ കാര്യങ്ങൾ മുന്നിൽ വയ്ക്കേണ്ടതാണ്.

ദൈവസാമിപ്യം കരസ്ഥമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇല്ലെങ്കിൽ, തഖ്‌വയിൽ അഭിവൃദ്ധിപ്പെടാൻ പരിശ്രമിക്കുന്നില്ലെങ്കിൽ, ധാർമിക സ്വഭാവത്തിന്റെ ഉന്നത നിലവാരം കാണിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ, സമസൃഷ്ടികളുടെ അവകാശങ്ങൾ നൽകുന്നില്ലെങ്കിൽ പിന്നെ ജൽസയിൽ വരുന്നതുകൊണ്ടുള്ള ഉദ്ദേശവും പൂർത്തീകരിക്കപ്പെടുന്നതല്ല. ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: ഇന്നത്തെ പീറുമാരെപ്പോലെ വെറും ഭൗതികമായ പ്രൗഢി കാണിക്കാൻ വേണ്ടി ബൈഅത്ത് ചെയ്തവരെ വിളിച്ചുകൂട്ടാൻ ഞാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. മറിച്ച് മനുഷ്യ സമൂഹത്തിന്റെ പരിഷ്കരണത്തിനുള്ള ഉപായമാണ് ഞാൻ കണ്ടെത്തുന്നത്. ഇതിന്റെ അടിസ്ഥാനപരമായ കാരണം അതാകുന്നു.

ചുരുക്കത്തിൽ ഓരോ അഹ്മദിയും ഈ കാര്യങ്ങൾ മുന്നിൽ വയ്ക്കേണ്ടതാണ്. ജൽസക്കു ഇവിടെ ഒത്തുകൂടിയിരിക്കുന്ന നിങ്ങൾ പ്രത്യേകമായും ഈ കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ ജൽസയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നവരായി മാറുന്നതാണ്. ജൽസയിൽ പങ്കെടുത്തിട്ടും നിങ്ങൾക്ക് അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാകുന്നില്ലെങ്കിൽ, നിങ്ങളുടെ ധാർമികവും ആത്മീയവുമായ അവസ്ഥ നന്നാകുന്നില്ലെങ്കിൽ, പങ്കെടുക്കുന്ന ആളുകളിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്[അ] തന്റെ വിരക്തി പ്രകടിപ്പിച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: ഈ വിനീതന്റെ ബൈഅത്ത് ശൃംഖലയിൽ പ്രവേശിച്ചിട്ടുള്ള ആത്മാർത്ഥരായ ആളുകളോട് ഞാൻ വ്യക്തമാക്കി കൊള്ളട്ടെ, ബൈഅത്ത് ചെയ്യുന്നതു കൊണ്ടുള്ള ലക്ഷ്യം ഭൗതികമായ സ്നേഹം തണുക്കുകയും തന്റെ യഥാർത്ഥ നാഥനോടും നബി[സ]നോടും ഉള്ള സ്നേഹം ഹൃദയത്തെ അതിജയിക്കുകയും വേണം എന്നതാണ്. ആഖിറത്തിലേക്കുള്ള യാത്ര അരോചകമായി തോന്നാത്തവിധം ഒരു വിടുതൽ ഉണ്ടാവുകയും വേണം. എപ്പോഴും ഓർക്കുക, ഭൗതികമായ അനുഗ്രഹങ്ങൾ ഒരു അഹ്മദിയെ തഖ്‌വയിൽനിന്ന് അകറ്റുന്നത് ആകരുത്. ഈ കച്ചവടങ്ങളും ഭൗതിക അനുഗ്രഹങ്ങളും അല്ലാഹു നമുക്ക് തന്നിരിക്കുന്നതിൽ അല്ലാഹുവിനോട് കൂടുതൽ നന്ദിയുള്ളവരാവുക. അല്ലാഹുവിനോടും നബി[സ] യോടും ഉള്ള സ്നേഹം ഹൃദയങ്ങളിൽ കൂടുതലായി ഉണ്ടാക്കുകയും തങ്ങളുടെ തഖ്‌വയുടെ നിലവാരം വർധിപ്പിക്കാൻ പരമാവധി ശ്രമിക്കുകയും ചെയ്യുക.

ഈ ജമാഅത്തിനെ ഉണ്ടാക്കിയത്കൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശം ഈ ലോകത്ത്നിന്ന് നഷ്ടപ്പെട്ടു പോയിരിക്കുന്ന യഥാർത്ഥ മഅ്രിഫത്തും (ദിവ്യജ്ഞാനവും) ഈ കാലഘട്ടത്തിൽ ഇല്ലാതായ തഖ്‌വയും ത്വഹാറത്തും (ഭയഭക്തിയും പരിശുദ്ധിയും) പുനസ്ഥാപിക്കുക എന്നുള്ളതാണ്. തങ്ങളെ എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി കരുതുന്ന അല്ലയോ ജനസാകല്യമേ! വാനലോകത്ത് എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി നിങ്ങൾ ഗണിക്കപ്പെടണമെങ്കിൽ സത്യസന്ധമായ തഖ്‌വയുടെ മാർഗങ്ങളിൽ നിങ്ങൾക്ക് ചലിക്കേണ്ടി വരുന്നതാണ്. ദൈവിക മാഹാത്മ്യം ഹൃദയങ്ങളിൽ കുടിയിരുത്തുവിൻ. അവന്റെ തൗഹീദിനെ പറ്റിയുള്ള പ്രഖ്യാപനം വാക്കുകളിൽ മാത്രമല്ല മറിച്ച് കർമ്മരൂപത്തിലും ചെയ്യേണ്ടതാണ്. അങ്ങനെയായാൽ അല്ലാഹുവും കർമ്മരൂപത്തിൽ തന്റെ ഔദാര്യം നിങ്ങളിൽ പ്രകടമാക്കുന്നതാണ്.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ ഈ പാഠങ്ങൾ എപ്പോഴും മുന്നിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇതുതന്നെയാണ് ജൽസക്ക് വരുന്നതിന്റെ ഉദ്ദേശം. തന്റെ ഓരോ കർമ്മവും അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ആക്കുന്നവൻ ആകണമെന്നും (അല്ലാഹു വിലക്കിയ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുമെന്നും) ഉള്ള കാര്യങ്ങൾ എപ്പോഴും ഒരു അഹ്മദിയുടെ ശ്രദ്ധയിൽ ഉണ്ടായിരിക്കണം. തന്റെ എല്ലാ അനക്കമടക്കവും അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഉണ്ടെന്നും മനോമുകുരങ്ങളിൽ കുടിയിരുത്തുകയും ചെയ്യുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] ജൽസയേയും ദൈവസ്മരണയേയും സംബന്ധിച്ച് വിശദീകരിക്കുന്നു: ഈ ജൽസ ദൈവിക ചിഹ്നങ്ങളിൽ പെട്ടതാകുന്നു. ഇതിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യം, ഹദ്റത്ത് മസീഹ് മൗഊദ്[അ] ആത്മീയതയിൽ പുരോഗതി കൈവരിക്കുകയാണെന്ന് പറയുന്നു. അതിനുള്ള ഒരു വലിയ മാർഗം ഇബാദത്തുകളും ദൈവസ്മരണയുമാകുന്നു. ദൈവസ്മരണയെ സംബന്ധിച്ച് അല്ലാഹു പറയുന്നു: നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങളെയും സ്മരിക്കുന്നതാണ്. ചുരുക്കത്തിൽ യജമാനനും ഉടമസ്ഥനും സ്രഷ്ടാവും യഥാർത്ഥ ഉടയുമായവൻ ഒരാളെ സ്മരിക്കുകയാണെങ്കിൽ അവൻ ഏറെ സൗഭാഗ്യവാനാകുന്നു. ചുരുക്കത്തിൽ ഈ ദിവസങ്ങളിൽ ഈ പ്രധാന സംഗതിയിലേക്ക് എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് ഞാൻ ഒരു ആഹ്വാനം കൂടി നടത്താൻ ആഗ്രഹിക്കുന്നു.

മൂന്നാം ഖലീഫയുടെ ഒരു സ്വപ്നം ഉണ്ട്. അദ്ദേഹത്തോട് വന്ദ്യനായ ഒരു വ്യക്തി പറയുന്നു: ജമാഅത്തിലെ ഓരോ അംഗവും, 200 പ്രാവശ്യം سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ اللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ എന്ന് ചൊല്ലേതാണ്. ഇടത്തരം പ്രായമുള്ളവർ 100 പ്രാവശ്യം ഇത് ചൊല്ലേതാണ്. കുട്ടികൾ 33 പ്രാവശ്യം ചൊല്ലുക. തീരെ ചെറിയ കുട്ടികളെ അവരുടെ മാതാപിതാക്കൾ അവരെക്കൊണ്ട് മൂന്ന് നാല് പ്രാവശ്യം ചൊല്ലിക്കുക. അതോടൊപ്പം 100 പ്രാവശ്യം ഇസ്തിഗ്ഫാറും ചൊല്ലുക. കൂടാതെ رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِيْ وَانْصُرْنِيْ وَارْحَمْنِيْ എന്ന ദുആ കൂടി 100 പ്രാവശ്യം ചൊല്ലാൻ ഞാൻ ഉൾപ്പെടുത്തുകയാണ്. ഇങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങൾ സുരക്ഷിതമായ കോട്ടകളിൽ സംരക്ഷിക്കപ്പെടുമെന്നും അവിടേക്ക് ശൈത്താന് പ്രവേശനം ഉണ്ടാകുന്നതല്ല എന്നുമാണ് അദ്ദേഹത്തിന് സ്വപ്നത്തിൽ കാണിക്കപ്പെട്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസക്ക് വരുന്നതിന്റെ ഒരു ഉദ്ദേശമായി പറഞ്ഞത്, ഇവിടെ പരസ്പരം ബന്ധങ്ങളും പരിചയപ്പെടലും ഉണ്ടാകണമെന്നാണ്. അതായത് പരസ്പരം സ്നേഹബന്ധവും പരിചയവും വളർത്തണം. ചുരുക്കത്തിൽ ഈ ദിവസങ്ങളിൽ പരസ്പരമുള്ള ബന്ധം വർധിപ്പിക്കുകയും സ്നേഹത്തെ പരിപോഷിപ്പിക്കുകയും പരസ്പരമുള്ള സമാധാനത്തെ പരത്തുകയും വേണം. നേരത്തെ ഉള്ള ബന്ധങ്ങളെ കൂടുതൽ സുദൃഢമാക്കാൻ ശ്രമിക്കേണ്ടതാണ്. ഇനി ആരോടെങ്കിലും നീരസമുണ്ടായിട്ടുണ്ടെങ്കിൽ അത് ദൂരീകരിക്കാൻ ശ്രമിക്കേണ്ടതാണ്. വഴക്കുകളിൽനിന്ന് വിട്ടുനിൽക്കുക മാത്രമല്ല ആരോടെങ്കിലും നേരത്തെ വഴക്കും വക്കാണവും ഉണ്ടെങ്കിൽ അവരോട് ഈ സമയത്ത് ക്ഷമാപണം ചെയ്യുക; മാപ്പു ചോദിക്കുക. അഹംഭാവത്തിന്റെ വലകളിൽനിന്ന് പുറത്തേക്ക് വരിക. ചെറിയ കാര്യങ്ങളിൽപോലും ചിലർ വലിയ രൂക്ഷമായ രീതിയിൽ ആണ് പ്രതികരിക്കുന്നത് എന്ന് പരാതികൾ എനിക്ക് കിട്ടുന്നുണ്ട്. പിന്നെ ഇങ്ങനെയുള്ളവർക്കെതിരിൽ നിർബന്ധിതാവസ്ഥയിൽ ജമാഅത്തി സംവിധാനത്തിന് കീഴിൽ നടപടി എടുക്കേണ്ടതായി വരുന്നു. അതിൽ പ്രയാസവും ഉണ്ട്. അല്ലാതെ സന്തോഷത്തോടുകൂടിയല്ല ശിക്ഷ നൽകാറുള്ളത്. ചുരുക്കത്തിൽ ഓർക്കുക, ജമാഅത്തിന്റെ പരിശുദ്ധി നമ്മൾ ആണ് സ്ഥാപിക്കേണ്ടത്. ജമാഅത്തീ സംവിധാനവും കാലത്തിന്റെ ഖലീഫയും ആർക്കെങ്കിലും ശിക്ഷ നൽകുന്നുവെങ്കിൽ അത് ജമാഅത്തിന്റെ പരിശുദ്ധിയെ നിലനിർത്തുന്നതിന് വേണ്ടിയാണ്. കാരണം ജമാഅത്തിന്റെ പരിശുദ്ധി എല്ലാ ബന്ധങ്ങൾക്കും അതീതമാകുന്നു. ഉന്നത സ്വഭാവത്തിന്റെ നിലവാരം ഏറ്റവും അധികം പ്രകടമാകേണ്ടത് ഡ്യൂട്ടി ചെയ്യുന്ന ആളുകളിൽനിന്നാണ്. കാരണം ഒരു ഭാരവാഹി എന്ന നിലയിൽ അവർക്ക് കൂടുതൽ ഉത്തരവാദിത്വം ഉണ്ട്. അതുകൊണ്ട് അവർക്ക് സഹിക്കാനുള്ള പ്രവണതയും കൂടുതലായി ഉണ്ടായിരിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: (നിങ്ങൾ പരിശുദ്ധ ഹൃദയമുള്ളവരായി തീരുക. മനുഷ്യന്റെ ദോഷപ്രവണമായ ആത്മാവിൽ ഏറ്റവും അധികം ഉള്ളത് അഹംഭാവത്തിന്റെ മാലിന്യമാകുന്നു.) ആകയാൽ നിങ്ങൾ ഹൃദയപൂർവ്വം മിസ്കീനുകൾ ആവുക. പൊതുവായ നിലയിൽ മനുഷ്യകുലത്തോട് സഹാനുഭൂതി കാണിക്കുക. നിങ്ങൾ ആകട്ടെ അവർക്ക് സ്വർഗം നൽകാമെന്ന് ഉപദേശം നൽകുന്നവരാണ്. ദൈവികമായ നിർബന്ധ കടമകളെ ഹൃദയപൂർവം പ്രാവർത്തികമാക്കുവിൻ. നിങ്ങൾ അവയെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നമസ്കാരങ്ങളിൽ വളരെയധികം ദുആ ചെയ്യുക. അങ്ങനെയായാൽ അല്ലാഹു നിങ്ങളെ അവനിലേക്ക് വലിക്കുന്നതാണ്. നിങ്ങളുടെ ഹൃദയങ്ങളെ വിമലീകരിക്കുന്നതാണ്. (മനുഷ്യൻ ദുർബലൻ ആകുന്നു.) അല്ലാഹുവിൽനിന്ന് ശക്തി സംഭരിക്കാത്തിടത്തോളം ഒരു തിന്മയെയും അകറ്റാൻ അവനെ കഴിവില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച ഈ നിലവാരമാണ് നമ്മുടെ ഉള്ളിൽ ഉണ്ടാക്കാൻ നമ്മൾ പരിശ്രമിക്കേണ്ടത്. (ഒരു കാര്യം പ്രത്യേകമായി ഓർക്കുക, അഹങ്കാരത്തിൽനിന്ന് രക്ഷനേടുക. അത് തന്നെയാണ് ധിക്കാരിയാക്കി തീർക്കുന്നതും ജമാഅത്ത് സംവിധാനത്തിനെതിരെ ഇളക്കിവിടുന്നതും.)

നമ്മുടെ സ്വഭാവം നല്ലതാണെങ്കിൽ ഇവിടെ വരുന്ന അതിഥികളിൽ അത് സ്വാധീനിക്കപ്പെടുകയും നല്ല പ്രഭാവവുമായി അവിടെ നിന്നു പോകുകയും ചെയ്യുന്നു. നമ്മൾക്കുള്ളിൽ അവർ കാണുന്ന ഈ നല്ല പെരുമാറ്റത്തിന്റെ പ്രകടനം ഒരു നിശബ്ദ തബ്ലീഗ് ആകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്ര വേദനയോടെയും വികാരത്തോടെയും ആണ് ജമാഅത്തിനെ ഉപദേശിക്കുന്നത് എന്നതിനുള്ള ഒരു ഉദാഹരണം ഞാൻ കേൾപ്പിക്കാം. ആ മഹാത്മാവ് പറയുന്നു: ഞാൻ ദുആ ചെയ്യുകയാണ്. എന്നിൽ ജീവശ്വാസം ഉള്ളടത്തോളം ഞാനത് ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഇതാണ് ആ ദുആകൾ,

അല്ലാഹു എന്റെ ജമാഅത്തിന്റെ ഹൃദയങ്ങളെ പരിശുദ്ധീകരിക്കുമാറാകട്ടെ. തന്റെ കാരുണ്യത്തിന്റെ കരങ്ങൾ നീട്ടിക്കൊണ്ട് അവരുടെ ഹൃദയങ്ങൾ തന്നിലേക്ക് തിരിക്കുമാറാകട്ടെ. എല്ലാത്തരത്തിലുമുള്ള ദ്രോഹങ്ങളും വെറുപ്പുകളും അവരുടെ ഹൃദയങ്ങളിൽനിന്ന് ഇല്ലാതാക്കുമാറാകട്ടെ. പരസ്പരം സ്നേഹം ഉണ്ടാകുമാറാകട്ടെ.

(നന്മകൾ പ്രവർത്തിക്കാതെ കണ്ട് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)മുമായി വിദൂരപ്പെട്ടു പോകരുത്. കേവലം നാമ മാത്രമായ ബൈഅത്ത് ചെയ്തവരാകരുത്. ബൈഅത്ത് ചെയ്തതിനു ശേഷം പിന്നെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിന് പകരം അവന്റെ നീരസം കരസ്ഥമാക്കുന്നവരായി മാററുത്. അല്ലാഹു നമ്മെ ഇതിൽ നിന്നെല്ലാം സംരക്ഷിക്കുമാറാകട്ടെ.)

ഈ ജൽസ എല്ലാ അനുഗ്രഹങ്ങളെയും സ്വരുക്കൂട്ടുന്നതായി തീരട്ടെ. ലോകത്തിന്റെ അവസ്ഥകൾക്ക് വേണ്ടിയും ദുആ ചെയ്യുക, തങ്ങളുടെ രാജ്യത്തിനു വേണ്ടിയും ഒരുപാട് ദുആ ചെയ്യുക. നമ്മൾ ആത്മാർത്ഥമായി അല്ലാഹുവിന്റെ കല്പനകളും, ഇസ്‌ലാമിന്റെ അധ്യാപനങ്ങളും, നബി(സ)ന്റെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും നിർദേശങ്ങളും, പ്രാവർത്തികമാക്കുന്നവരായി മാറുകയാണെങ്കിൽ അല്ലാഹു തീർച്ചയായും നമ്മുടെ ദുആകൾ സ്വീകരിക്കുന്നതാണ്. നമ്മൾ ലോകത്തിന് മാർഗദർശനം നൽകുന്നവരായി തീരും. (അല്ലാഹു എല്ലാ നിലക്കും അനുഗ്രഹിക്കട്ടെ.)

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَ نَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 23.08.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516